# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.37

## 29-05-2019 ൽ മറുപടിക്ക്

## കിഫ്ബി ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റി

| ചോദ്യം<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. എൻ. വിജയൻ പിള്ള | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ (ഐ.എം.സി.) ഘടനയും പ്രവർത്തനവും വിശദമാക്കാമോ; | കിഫ്ബിയിൽ ലഭ്യമാകുന്ന നിക്ഷേപങ്ങളെ പ്രയോജന പ്രദമായും സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യുന്നതിനായി 29-ാമത് ബോർഡ് യോഗത്തിന്റെ തീരുമാന പ്രകാരം രൂപം കൊടുത്തതാണ് ഇൻവെസ്റ്റ്മെൻറ് മാനേജ്മെൻറ് കമ്മിറ്റി. ആകെ 4 അംഗങ്ങൾ ഉൾപ്പെടുന്ന കമ്മിറ്റിയിൽ ധനകാര്യ (വിഭവ) സെക്രട്ടറി സ്ഥിരം അംഗവും മറ്റ് 3 സ്വതന്ത്രഅംഗങ്ങളുമാണുള്ളത്. നിലവിൽ ശ്രീ.രാധാകൃഷ്ണൻ നായർ (മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ സെബി, മെമ്പർ ഐ.ആർ.ഡി.എ), ശ്രീ.ജെ.എൻ ഗുപ്ത (മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ സെബി), പ്രൊഫ.സുശീൽ ഖന്ന (എമിററ്റസ് പ്രൊഫസർ ഐ.ഐ.എം. കൽക്കത്ത) എന്നിവർ സ്വതന്ത്ര അംഗങ്ങളാണ് . പ്രധാനമായും കിഫ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി കിഫ്ബിയിലെ നീക്കിയിരിപ്പ് തുക ഫലപ്രദമായി നിക്ഷേപിക്കുന്നതിന് വിദഗ്ദ ഉപദേശം നൽകുക എന്നതാണ് കമ്മിറ്റിയുടെ ഉദ്ദേശ്യം. |
| (ബി) നിക്ഷേപം ആകർഷിക്കുന്നതിലും അവ വിനിയോഗിക്കുന്നതിലും ഐ.എം.സി.യുടെ പങ്ക് വിശദമാക്കാമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നേരിട്ടുള്ള പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ; | ഇൻവെസ്റ്റ്മെൻറ് മാനേജ്മെൻറ് കമ്മിറ്റിക്ക് നിക്ഷേപം ആകർഷിക്കുന്നതിൽ നേരിട്ട് ബന്ധമില്ലെങ്കിലും ഇതിന്റെ സാന്നിദ്ധ്യവും പ്രവർത്തനവും കിഫ്ബിയുടെ ക്രെഡിറ്റ് റേറ്റിംഗിനെ പരോക്ഷമായി സഹായിക്കുന്നു. കിഫ്ബിയുടെ ആക്ട് പ്രകാരം ഏറ്റവും ഉയർന്ന റേറ്റിംഗ് ഉള്ള ധന ഉപാധികളിൽ മാത്രമേ പണം നിക്ഷേപിക്കാൻ സാധിക്കൂ. ക്രെഡിറ്റ് റിസ്ക് ഒഴിവാക്കുവാനാണ് ഈ നിബന്ധന. ഇതു കൂടാതെ കോൺസെൻട്രേഷൻ റിസ്ക് |

| | |
|---|---|
| | ഒഴിവാക്കുവാൻ വിവിധ ധന ഉപാധികളിലും സ്ഥാപനങ്ങളിലും നിക്ഷേപം നടത്തുന്നതിന് പരിധികൾ നിശ്ചയിച്ചിട്ടുണ്ട്. ഇത്തരത്തിൽ വിവേക പൂർണ്ണമായ നിക്ഷേപം ഉറപ്പ വരുത്തേണ്ടത് ഇൻവെസ്റ്റ്മെൻറ് മാനേജ്മെൻറ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്. ഇൻവെസ്റ്റ്മെൻറ് മാനേജ്മെൻറ് കമ്മിറ്റിയുടെ പ്രവർത്തനവുമായി സർക്കാർ നേരിട്ട് ബന്ധപ്പെടുന്നില്ല. |
| (സി) കിഫ്ബി വഴി ഇതുവരെ എത്ര തുകയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നും അതിൽ ഏത്ര പ്രവൃത്തി ആരംഭിച്ചെന്നും അറിയിക്കാമോ? | കിഫ്ബി വഴി 42306.05 കോടി രൂപയുടെ 536 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 225 പ്രവൃത്തികൾ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 3 പദ്ധതികൾ/ഉപ-പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ആരോഗ്യ-വിദ്യാഭ്യാസ-വനം- ശുദ്ധജലവിതരണ മേഖലകളിലെ വൻ കിഫ്ബി പദ്ധതികൾ നിരവധി ഉപഘടകങ്ങൾ ചേർന്നതാണ്. ഇതിൽ 44-ഡയാലിസിസ് സെൻററുകളിൽ 38 എണ്ണവും ,കാത്ത് ലാബ് & സി.സി.യു. 6 എണ്ണവും പൂർത്തിയായിട്ടുണ്ട്. വനം വകുപ്പിന് കീഴിലുള്ള സോളാർ ഫെൻസിങ്ങ് പദ്ധതി 8 സ്ഥലങ്ങളിൽ പൂർത്തിയായിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് കൊച്ചി ലയൺസ് പാക്കേജിന്റെ ഒന്നാം ഘട്ടവും, പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരളത്തിലെ 14 ജില്ലകളിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ 98 ശതമാനത്തോളം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. കൂടാതെ നാല് കുടിവെള്ള പദ്ധതികളുടെ ഘടകങ്ങളും പൂർത്തിയായിക്കഴിഞ്ഞു. മറ്റുള്ളവ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന്റെ മുന്നോടിയായുള്ള സ്ഥലമെടുപ്പ്, ടെൻഡർ എന്നീ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ